(എച്ച്) ഒരു വിഷയത്തിനു ഒരു അദ്ധ്യാപകനും സയൻസ് വിഷയങ്ങൾക്ക് നാല് അനദ്ധ്യാപകരും എന്ന നിലയ്ക്ക് ജീവനക്കാരെ ആവശ്യമാണ്.

(ഐ) ഇല്ല.

പ്ലസ് ടു കോഴ്സ്

53(464) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത് പ്ലസ് ടു അനുവദിച്ചതിൽ തിരുവനന്തപുരം സിറ്റിയിലെ പല പ്രദേശങ്ങളിലും പെൺകുട്ടികൾക്ക് പ്രത്യേകമായി പഠിക്കാനുള്ള സൗകര്യം ലഭിച്ചിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ ജില്ലയിലും നടപ്പു വർഷം ഡീലിങ്ക് ചെയ്ത പ്രീഡിഗ്രി സീറ്റുകളുടേയും. അനുവദിച്ച പ്ലസ് ടു സീറ്റുകളുടേയും എണ്ണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 287 സ്കൂളുകളിൽ.

(ബി) അങ്ങനെ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രവുമല്ല, പെൺകുട്ടികൾക്ക് പ്ലസ് ടു പ്രവേശനത്തിന് നഗരത്തിൽ ആവശ്യത്തിന് സ്കൂളുകൾ ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) അനുവദിക്കുന്ന സീറ്റുകൾ എത്രയെന്ന് അവസാനമായി തീരുമാനിച്ചിട്ടില്ല.

പ്ലസ് ടു കോഴ്സ് അദ്ധ്യാപകരുടെ യോഗ്യതാ നിർണ്ണയം

54(465) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടു കോഴ്സ് അദ്ധ്യാപകരുടെ യോഗ്യതാ നിർണ്ണയ പരീക്ഷാ സമ്പ്രദായം അവസാനിപ്പിച്ച് ഒരു ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly